# ACADEMIC MASTER PLAN

**ST. THOMAS' COLLEGE HIGHER SECONDARY SCHOOL, THRISSUR**

# ഉള്ളടക്കം

ആമുഖം

സ്കൂൾ ലഘുചരിത്രം

വിഷയ മേഖലകൾ

പരിഹരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ

പദ്ധതികൾ (പട്ടികാ രൂപത്തിൽ)

കലണ്ടർ

ബജറ്റ്

മോണിറ്ററിംഗ്

വിദ്യാലയ വികസന സമിതി

# ആമുഖം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സെന്റ് തോമസ് കോളേജ് ഹയർസെക്കന്ററി സ്കൂൾ 17-ാം വർഷവും 100% വിജയത്തിന്റെ ആഹ്ളാദത്തിമർപ്പിലാണ്. തൃശൂർ വികാരിയാത്തിന്റെ ആദ്യത്തെ വികാരി അപ്പസ്തോലിക്കയായ മാർ അഡോൾഫസ് എഡ്വിൻ മെഡ്ലിക്കോട്ട് തിരുമനസ്സാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. ആരംഭത്തിൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച ഈ കത്തോലിക്ക വിദ്യാലയം പിന്നീട് ഹൈസ്കൂളായും കോളേജായും തീർന്നു. സ്കൂളിന്റെ ആദ്യ മാനേജർ ഫാ. പോൾ കുറ്റിക്കാട്ടച്ചനും, പ്രഥമ ഹെഡ്മാസ്റ്റർ ശ്രീമാൻ സി.പി.ശങ്കുണ്ണി മേനോനുമായിരുന്നു. 1904 ൽ മെട്രിക്കുലേഷന്റെ (ഇന്നത്തെ SSLC) ആദ്യ ബാച്ച് പബ്ലിക് പരീക്ഷയ്ക്കിരുന്നു. കേരളത്തിലെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി തുടങ്ങാൻ പ്രചോദനമുണ്ടായതും സെന്റ് തോമസ്സിൽ നിന്നാണ്. 1989 ജനുവരിയിൽ ഈ സരസ്വതീ ക്ഷേത്രത്തിന്റെ ശതാബ്ദി വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. 1994 ൽ കെട്ടിട ത്തിന്റെ ഒരു ഭാഗം തകർന്നു വീണതിനെ തുടർന്ന് 1998 ൽ പുതിയ കെട്ടിടം നിർമ്മിച്ചു. രണ്ടായിരാമാണ്ട് ജൂൺ 26-ാം തിയ്യതി ഈ വിദ്യാലയം ഒരു ഹയർ സെക്കണ്ടറി സ്കൂളായി ഈ വിദ്യാലയത്തിന്റെ അവിഭാജ്യഘടകമാണ്. Smart room, Library, Lab എന്നിവ അധ്യയന നിലവാരത്തെ മെച്ചപ്പെടുത്തുന്നതിനുപകരിക്കുന്നു.

# സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശൂർ

## ഒരു ലഘു ചരിത്രം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സുരാസുരമെന്യേ വിദ്യാമൃതം വിളമ്പിക്കൊടുക്കാൻ കത്തോലിക്കർ കേരളത്തിൽ കെട്ടിപ്പടുത്ത പ്രമുഖ എയ്ഡഡ് വിദ്യാലയങ്ങളിലൊന്നാണ് തൃശൂർ, ആരംഭത്തിൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച കേരളത്തിലെ പുരാതനമായ ഈ വിദ്യാലയത്തിന് 134 വർഷത്തെ പഴക്കമുണ്ട്. 1894 ൽ ഇറ്റാലിയൻ മിഷനറിയായ റവ. ഫാ.സാംബനെല്ലിയാണ് ഈ സ്ഥാപനത്തെ ഹൈസ്കൂളായി ഉയർ ത്തിയതും പിന്നീട് സെന്റ് തോമസ് കോളേജെന്ന് നാമകരണം ചെയ്തതും. 1895 ൽ മാർ അഡോൾഫ് എഡിൻ മെഡ്ലിക്കോട്ട് ഇപ്പോൾ കോളേജ് ഇരിക്കുന്ന വാങ്ങുകയും പോൾ ആലപ്പാട്ടിനെ മാനേജറും റെക്ടറുമായി നിയമിക്കുകയും ചെയ്തു. തൃശൂർ വികാരിയാത്ത് രൂപതയായി ഉയർത്തിയത്. മാർ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവിന്റെ കാലത്താണ്.

പ്രാരംഭത്തിൽ ഇൻഫന്റ് ക്ലാസ്സ് അരക്ലാസ്സ് ഉൾപ്പെടെ പ്രൈമറി ക്ലാസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും സ്കൂളിന് സെന്റ് തോമസ് കോളേജ് എന്ന പേര് കൊടുത്തത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വത്തിനു മകുടോദാഹരണമാണ്. മുപ്പതുകൊല്ലത്തിനുശേഷം (1919 ൽ ഇവിടം ഒരു കോളേജുണ്ടാവുകയും, 1925 ൽ കോളേജ് കൊച്ചി രാജ്യത്തെ ആദ്യത്തെ ഫസ്റ്റ് ഗ്രേഡ് കലാലയമാവുകയും ചെയ്തു. വൈദിക വിദ്യാർത്ഥികൾക്ക് സാമാന്യ വിദ്യാഭ്യാസം നൽകുകയായിരുന്നു. ഈ പ്രാഥമിക വിദ്യാലയത്തിന്റെ പ്രഥമലക്ഷ്യം, ഇവർക്കു പുറമെ ചുറ്റുപാടുമുള്ള മറ്റു വിദ്യാർത്ഥികൾക്കും ഈ സ്ഥാപനത്തിൽ പ്രവേശനം അനുവദിച്ചു.

പ്രൈമറി ക്രമേണ 9-ാംക്ലാസ്സ് വരെ ഉയർന്നു. എന്നാൽ ഉയർന്ന ക്ലാസ്സുകളിലേക്ക് കുട്ടികൾ കുറവായതുകൊണ്ട്. 1996 ൽ മാനേജർ 8-ഉം 9 ഉം ക്ലാസ്സുകൾ നിറുത്തലാക്കി. അക്കാലത്ത് കേരളത്തിലെ മിക്കകുടുംബങ്ങളും ദാരിദ്ര്യത്തിലും അജ്ഞതയിലും പെട്ട്, കുട്ടികളെ വിദ്യാലയങ്ങളിലേക്ക് അയക്കുക. അപൂർവ്വമായിരുന്നു. എന്നാൽ നല്ലൊരു ലോവർ സെക്കൻഡറി സ്കൂളായി ഈ സ്ഥാപനം തുടർന്നു നടത്തുകയുണ്ടായി. അതോ ടൊപ്പം ബോർഡിങ്ങ് സൗകര്യവും ഏർപ്പെടുത്തി.

തൃശൂർ വികാരിയാത്തു സാമ്പത്തിക പരാധീനതയിൽ കഴിഞ്ഞിരുന്ന അക്കാലത്ത് പോക്കറ്റിൽ കേവലം പത്തുരൂപ കൈമുതലായാണ് മേനാച്ചേരി തിരുമനസ്സ് ഈ തീവ്ര യത്നത്തിന് ഒരുങ്ങിയതെന്ന് സ്കൂളിന്റെ ഹെഡ്മാസ്റ്ററും പിന്നീട് സെന്റ് തോമസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പാളുമായ ജോൺ പാലോക്കാരനച്ചന്റെ

ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തി കാണുന്നു. കൊച്ചി മഹാരാജാക്കന്മാരിൽ ഒരു തമ്പുരാന്റെ ഭാര്യാഗൃഹമായ തൃശൂരിലെ കരംപറ്റ തറവാട്ടുകാരിൽ നിന്നും വാങ്ങിയ പറമ്പിലാണ് ഈ ഉത്തുംഗസൗധം കെട്ടിപ്പടുത്തത്.

**1901 ൽ സ്കൂളിന്റെ കെട്ടിടം പണി പൂർത്തിയായപ്പോൾ 8,9,10 ക്ലാസ്സുകൾ ആരംഭിച്ചു. 1904 ൽ മെട്രിക്കുലേഷന്റെ (ഇന്നത്തെ എസ്.എസ്.എൽ.സി) ആദ്യബാച്ച് പബ്ലിക് പരീക്ഷ നക്കിരുന്നു.**

സ്കൂളിന്റെ ആദ്യ മാനേജർ ഫാ.പോൾ കുറ്റിക്കാട്ടച്ചനും, പ്രഥമ ഹെഡ്മാസ്റ്റർ ശ്രീമാൻ, സി.പി.ശങ്കുണ്ണിമേനോനുമായിരുന്നു. അധ്യാപകന്മാരുടെ ആത്മാർത്ഥമായ അദ്ധ്വാനവും, വിദ്യാർത്ഥികളുടെ അച്ചടക്ക പൂർണ്ണമായ അദ്ധ്യായനവും, അധികാരികളുടെ അവസരോചിതമായ പ്രോത്സാഹനവും കൊണ്ട് സെന്റ് തോമസ് കോളേജ് ഹൈസ്കൂൾ പ്രശസ്തിയിൽ നിന്നു പ്രശസ്തിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു.

ഹൈസ്കൂൾ പ്രശസ്തിയുടെ പാരമ്യത്തിലെത്തിയതു 1919 മുതൽ 1946 ഹെഡ്മാസ്റ്ററായിരുന്ന ജോസഫ് പുല്ലോക്കാരനച്ചന്റെ സമർത്ഥമായ നേതൃത്വം ഉള്ളപ്പോ ഴാണ്.

അക്കാലത്തും നാലിലും ഏഴിലും പത്തിലും പബ്ലിക് പരീക്ഷകളാണ് ഉണ്ടായി രുന്നത്. പിന്നീട് നാലിലും അതിനുശേഷം തിരുകൊച്ചി ആയപ്പോൾ 1949 മാർച്ചിനു ശേഷം ഏഴിലും പബ്ലിക് പരീക്ഷകൾ നിറുത്തലാക്കുകയുണ്ടായി.

1919 ഏപ്രിലിൽ അന്നത്തെ തൃശൂർ മെത്രാൻ, റൈറ്റ് റവ. ഡോ. ജോൺ മേനാച്ചേരി ഉദ്ഘാടനം ചെയ്ത ഈ ഹൈസ്കൂൾ സെക്കന്റ് ഗ്രേഡ് കോളേജായി ഉയർത്തുകയും ഫാ.ജോൺ പാലോക്കാരനെ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പലായി നിയമിക്കുകയും ചെയ്തു. സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ച ഹാ പാലോക്കാരൻ പിന്നീട് ഹെഡ്മാസ്റ്ററായി. ഈ സ്ഥാപനത്തെ ഒരു കോളേജായി ഉയർത്തു ന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിക്കുകയും ചെയ്തു. ജൂൺ 8-ാം തിയ്യതി: ജൂനിയർ ഇന്റർമീഡിയറ്റ് ക്ലാസ്സുകൾ ആരംഭിക്കുകയും അതേ വർഷം ആഗസ്റ്റിൽ കോളേജിന്റെ ഉദ്ഘാടനം കൊച്ചി രാജാവായിരുന്ന ബഹുമാന്യ നിർവഹിക്കുകയും ചെയ്തു. ശ്രീരാമവർമ്മ തമ്പുരാൻ
കേരളത്തിലെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി തുടങ്ങാൻ പ്രചോദനമുണ്ടാ യതും സെന്റ് തോമസിൽ നിന്നാണ്. വിശക്കുന്ന വയറിനോട് വേദാന്ത മോതിയിട്ട് പ്രയോജനമില്ലെന്ന് ആത്മാർത്ഥമായി ഗ്രഹിച്ചിരുന്ന ത്യാഗമൂർത്തിയായ പുല്ലോക്കാരനച്ചൻ സാധു വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ വിതരണം ഏർപ്പെടുത്തിയിരുന്നു. അക്കാലത്ത് കൊച്ചി രാജ്യത്തെ വിദ്യാർത്ഥികളുടെ ആരോഗ്യപരമായ പരിശോധനയ്ക്കു തെക്കു വടക്കും ഭാഗങ്ങളിലേക്ക് ഓരോ ഡോക്ടറെ നിയോഗിച്ചിരുന്നു. ഇപ്രകാരം പരിശോധനയ്ക്കു വന്ന ഡോക്ടറുടെ ശ്രദ്ധയിൽ മേൽപറഞ്ഞ ഉച്ചഭക്ഷണ പരിപാടി പെടുകയും സാധുകുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും പഠനത്തിനും ഇത് വലിയൊരു സഹായമാണെന്ന് ഡോക് മേലധികാരികൾക്ക് റിപ്പോർട്ട്

എഴുതി അയക്കുകയും ചെയ്തു. ഈ റിപ്പോർട്ട് കണ്ട ദിവാൻ ഷൺമുഖം ഷെട്ടി അന്ന് ഡി.പി. ആയിരുന്ന ശ്രീ. ഐ.എൻ.മേനോനുമായി മുൻകൂട്ടി അറിയിക്കാതെ ഉച്ച സമയത്ത് സെന്റ് തോമസ് സന്ദർശിക്കുകയും ഉച്ചഭക്ഷണസമ്പ്രദായം നേരിൽ കണ്ട് തൃപ്തിയടയുകയും ചെയ്തു. സന്തുഷ്ടനായ ദിവാൻ ഇതിലേക്ക് പുല്ലോ ക്കാരനച്ചന് 100 രൂപ അയച്ചുകൊടുക്കുകയുമുണ്ടായി. അന്നത്തെ 100 രൂപയുടെ വില ഇന്നത്തെ ലക്ഷം രൂപയിലേറെ ആയിരിക്കുമെന്ന് കൂടി ഓർക്കുക. തന്നെയുമല്ല. ദിവാൻ ശ്രീമാൻ അളഗപ്പ ചെട്ടിയിൽ പ്രേരണചെലുത്തി നല്ലൊരു ഫണ്ടുണ്ടാക്കി കൊച്ചി രാജ്യത്തെ സ്കൂളിൽ സാധുവിദ്യാർത്ഥികൾക്ക് ഉച്ചകഞ്ഞിക്ക് വേണ്ട ഏർപ്പാടുണ്ടാക്കുകയും ചെയ്തു.

പുല്ലോക്കാരനച്ചൻ സെന്റ് തോമസിൽ വാർഷികാഘോഷത്തോടൊപ്പം രക്ഷാകർ ദിനം സംഘടിപ്പിക്കാൻ ആരംഭമിട്ടതാണ് മറ്റു സ്കൂളുകളിലും പിന്നീട് മാതൃകയായി തീർന്നതെന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ,

തുടക്കം മുതൽ തന്നെ കത്തോലിക്കാ വിദ്യാർത്ഥികൾക്ക് വേദോപദേശവും ഇതരർക്ക് സന്മാർഗ്ഗോപദേശവും ഇവിടെ നിർബന്ധപൂർവ്വം കൊടുത്തുകൊണ്ടിരുന്നു. വിജ്ഞാനത്തോടൊപ്പം ധാർമ്മികമൂല്യങ്ങളും ഗ്രഹിച്ചാലെ ജീവിതചക്രം താളം തെറ്റാതെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ എന്നും നന്നായി മനസ്സിലാക്കിയിരുന്ന പുല്ലോ ക്കാരനച്ചൻ മേൽപറഞ്ഞക്കാര്യത്തിലും കൂടുതൽ ശുഷ്കാന്തി കാണിച്ചുപോന്നിരുന്നു.

സമകാലീക മായ ജോൺ പാലോക്കാരനച്ചൻ കോളേജിന്റെയും പുല്ലോക്കാരൻ ഹൈസ്കൂളിന്റെയും ഭരണസാരഥികളായിരുന്നപ്പോഴാണ് സെന്റ് തോമസിന്റെ സുവർണ്ണ കാലമെന്നും പറയാം. ഇവരുടെ കാലത്ത് 1927 ഒക്ടോബർ 14 സെന്റ് തോമസ്സിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യേണ്ട ഒരു സംഭവമുണ്ടായി ലോകവന്ദ്യനും സ്വാതന്ത്ര്യസമര സേനാനായകനും പിന്നീട് നമ്മുടെ രാഷ്ട്രപിതാവുമായ മഹാത്മാഗാന്ധി അന്ന് സെന്റ് തോമസ് കോളേജ് സന്ദർശിച്ച് പ്രഭാഷണം നടത്തിയ പുണ്യദിനമാണ്. സ്വാതന്ത്ര്യസമരകാലത്ത് ക്രിസ്തീയ സഭയുടെ അച്ചടക്കത്തിലും നിയന്ത്രണത്തിലും കഴിഞ്ഞിരുന്ന ഒരു കലാലയത്തിൽ ബ്രിട്ടീഷുഭരണത്തിന്റെ ബദ്ധശത്രുവായ മഹാത്മജിയെ സ്വാഗതം ചെയ്യാനും പ്രസംഗിപ്പിക്കാനും പ്രകടിപ്പിച്ച ധീരോചിതമായ സ്വരാജ്യസ്നേഹത്തെ പ്രകീർത്തിക്കേണ്ടതാണെന്ന് കോളേജിന്റെ വജ്രജൂബിലിയാഘോഷവേളയിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.കെ.നായനാർ അഭിപ്രായപ്പെട്ട കാര്യവും ഇത്തരുണ ത്തിൽ ഓർമ്മിച്ചുകൊള്ളുന്നു.പുല്ലോക്കാരനച്ചന്റെ പിൻഗാമിയായി വന്ന ഫാ.ആന്റണി തേലപ്പിള്ളിയച്ചനും (1946-1961) ഹൈസ്കൂളിന്റെ പേരും പെരുമയും നിലനിർത്തുവാൻ അക്ഷീണം യത്നിച്ച കർമ്മയോഗി തന്നെയായിരുന്നു. ഇദ്ദേഹം കായികരംഗം പൂർവ്വാധികം പരിപുഷ്ടമാക്കി. അക്കാലത്ത് സെന്റ് തോമസ്സിലെ പല ഫുട്ബോൾ താരങ്ങളേയും അന്തർദ്ദേശീയ തലങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് അഭിമാനപൂർവ്വമല്ലാതെ അനുസ്മ രിക്കാൻ വയ്യ.

1989 ജനുവരിയിൽ ഈ സരസ്വതീ ക്ഷേത്രത്തിന്റെ ശതാബ്ദി വിപുലമായ പരിപാടി കളോടെ ആഘോഷിച്ചു. 1994 ഒക്ടോബർ 11 ന് കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നു വീണു. 1995-1997 വർഷങ്ങളിൽ സ്ഥലപരിമിതി മൂലം ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയും 1996 ഏപ്രിൽ 13-ാം തിയ്യതി അഭിവന്ദ്യ മെത്രാപോലീത്ത മാർ ജോസഫ് കുണ്ടുകുളം അടിസ്ഥാന ശില

ആശീർ വദിക്കുകയും 1997 ഒക്ടോബർ 10 ന് അഭിവന്ദ്യ മെത്രാപോലീത്ത മാർ ജേക്കബ് തൂങ്കുഴി ശിലാസ്ഥാപനം നടത്തുകയും ചെയ്തു. സ്കൂളിന് 110 വയസ്സ് പൂർത്തിയായ 1998 ഫെബ്രുവരി 21-ാം അഭിവന്ദ്യ മെത്രാപോലീത്ത മാർ തൂങ്കുഴി കെട്ടിടത്തിന്റെ ആശീർ വദകർമ്മവും ബഹു. കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. പി.ജെ.ജോസഫ് ഉദ്ഘാടനകർമ്മവും നിർവ്വഹിച്ചു. രണ്ടായിരാമാണ്ട് ജൂൺ 26-ാം തിയ്യതി, ഈ വിദ്യാലയം ഒരു ഹയർ സെക്കണ്ടറി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

തങ്ങൾ പഠിച്ച വിദ്യാലയത്തിനോടും അധ്യാപകരോടുമുള്ള കൂറും താൽപര്യവും പ്രകടിപ്പിക്കുന്നതിന്റെ ഫലമായി പൂർവ്വവിദ്യാർത്ഥി സംഗമവും ചാരിറ്റിയും ഇന്നും തുടർന്നു പോകുന്നു. 2023 Nov 15-ാം തിയ്യതി പൂർവ്വ വിദ്യാർത്ഥിയും പ്രമുഖ സ്വർണ്ണവ്യാപാരിയുമായ ജോസ് ആലുക്കാസ് 15 KW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 8.70,000 രൂപ സ്കൂളിന് സംഭാവന നൽകിയത് ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്.തൃശ്ശൂർ അതിരൂപതയുടെ നേരിട്ട ഭരണത്തിൽ കീഴിൽ ഈ സ്ഥാപനം, വിദ്യാർത്ഥികളുടെ ബുദ്ധിപരമായ വളർച്ചക്കുപരി ഉത്തമപൗരന്മാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.

## St.Thomas CHSS Thrissur

## Strength of Students

| Std | Malayalam Medium | English Medium | Total Strength |
|---|---|---|---|
| V | 4 | 79 | 83 |
| VI | 5 | 83 | 88 |
| VII | 7 | 82 | 89 |
| VIII | 15 | 147 | 162 |
| IX | 14 | 135 | 149 |
| X | 28 | 129 | 157 |
| Total | 73 | 655 | 728 |

# മികവുകൾ

## SSLC വിജയ ശതമാനം

| കൊല്ലം | വിജയ ശതമാനം |
|---|---|
| 2006 - 2007 | 100 |
| 2007 - 2008 | 100 |
| 2008 - 2009 | 100 |
| 2009 - 2010 | 100 |
| 2010 - 2011 | 100 |
| 2011 - 2012 | 100 |
| 2012 - 2013 | 100 |
| 2013 - 2014 | 100 |
| 2014 - 2015 | 100 |
| 2015 - 2016 | 100 |
| 2016 - 2017 | 100 |
| 2017 - 2018 | 100 |
| 2018 - 2019 | 100 |
| 2019 - 2020 | 100 |
| 2020 - 2021 | 100 |
| 2021 - 2022 | 100 |
| 2022 - 2023 | 100 |
| 2023 - 2024 | 100 |
| 2024 - 2025 | 100 |

ഈ വിദ്യാലയത്തിൽ ആകെ 20 class rooms ഉണ്ട്. HS, UP വിഭാഗങ്ങളിലായി 25 അധ്യാപകർ ഈ വിദ്യാലയ ത്തിൽ സേവനം ചെയ്തു വരുന്നു. ആധുനിക സംവിധാനങ്ങളോടുകൂടിയ ടോയലെറ്റ് , പാചകപ്പുര എന്നിവ ഈ വിദ്യാലയത്തിലുണ്ട്.കുട്ടികൾക്ക് കുടി വെള്ള സൗകര്യം ഒരുക്കുന്നതിന് water purifier സ്ഥാപിച്ചിരിക്കുന്നു. ഹരിത പെരുമാറ്റചട്ടങ്ങൾപാലിച്ചു കൊണ്ട് മാലിന്യങ്ങൾ സംസ്കരിക്കുകയും വൃത്തിയും മനോഹരവുമായ അന്തരീക്ഷം സ്കൂളിൽ നിലനിർത്തിപ്പോരുന്നു. സ്ഥല പരിമിതിയുണ്ടെങ്കിലു ലളിതമായ രീതിയിലുള്ള

ജൈവവൈവിധ്യ ഉദ്യാനവും ഈ വിദ്യാലയത്തിലുണ്ട്. Science, Information technology പഠന മികവിനായി IT Lab ഉം Science Lab ഉം ഉപയോഗിച്ചു വരുന്നു.UP Section ൽ തന്നെ ഓരോ class നും ഓരോ Library എന്ന ലക്ഷ്യത്തോടെ പ്രത്യേകം Shelf കൾ സ്ഥാപിച്ച് അവർക്ക് അനുയോജ്യമായ നിലവാരമുള്ള പുസ്തകങ്ങ ശേഖരിച്ചു വരുന്നു.

മാസത്തിലൊരിക്കൽ PTA meeting നടത്തി School ന്റെ പുരോഗതിക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഓരോ മൂല്യനിർണ്ണയം കഴിയുമ്പോഴും class PTA നടത്തുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ കുട്ടികളുടെ അക്കാഡമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.School ന്റെ പൊതുവായ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയുംസന്നദ്ധ സംഘടനകളുടേയും സന്ദർശനവും പിന്തുണയും പങ്കാളിത്തവും നല്ല രീതിയിൽ തന്നെ ലഭ്യമാക്കുന്നു.

## ലക്ഷ്യങ്ങൾ

എല്ലാ പൊതു പരീക്ഷകളിലും 100% വിജയം നേടാനും അത് നിലനിർത്തിപ്പോരാനും ഈ വിദ്യാലയം ലക്ഷ്യമിടുന്നു. ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന കാഴ്ചപ്പാടോടെ കുട്ടികളെ പാഠ്യപ്രവർത്തനങ്ങളിൽ എന്നതു പോലെ കലകായിക മത്സരങ്ങളിലും പങ്കെടുപ്പിച്ച് കൂടുതൽ വിജയങ്ങൾനേടാൻ ലക്ഷ്യമിടുന്നു.മികവുകൾമികവുകൾ

## പരിമിതികൾ

വിദ്യാർത്ഥികൾക്ക് പുറത്തിറങ്ങി കളിക്കാനും പ്രവർത്തനങ്ങൾ ചെയ്യാനും സ്ഥല പരിമിതിയുണ്ട്. പൂന്തോട്ടം , പച്ചക്കറിത്തോട്ടം, ജൈവ വൈവിധ്യ പാർക്ക് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതിയുണ്ട്.

മേഖല . അക്കാദമികം ഉപമേഖല : **മലയാള ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ കുടുംബപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | കൗൺസിലിങ്ങ ഗൃഹസന്ദർശനം | വാർഷികം | ക്ലാസ് ടീച്ചർ കൗൺസില | Rs.1000/- |
| സർഗ്ഗോത്സവം | കുട്ടികളുടെ കലാപരവും സാഹിത്യപരവുമാ യ കഴിവുകൾ കണ്ടെത്തൽ | രണ്ട് ആഴ്ചയി 1 ദിവസം | ക്ലാസ് ടീച്ചർ | Rs.1000/- |
| സാഹിത്യകാരന്മാരുമായുള്ള സംവാദം | സൃഷ്ടിപരമായ കഴിവുകളെ | വാർഷികം | ലിറ്ററി ക്ലബ് ടീച്ചർ | Rs.1000/- PTA |
| മലയാള ഭാഷയിൽ വൈദഗ്ധ്യം ഉണ്ടാക്കുക | മലയാളത്തിളക്കം | വാർഷികം | മലയാളം അധ്യാപിക | |
| കമ്പ്യൂട്ടർ സാങ്കേതിക വൈദഗ്ധ്യം നേടുക | റോബോട്ടിക് ക്ലാസ്സ് | 3 മാസം | Resource Person | Rs.1000/- PTA |
| കരകൗശല സാമർത്ഥ്യം നേടുക | പേപ്പർ ബാഗ്, പേപ്പർ പെൻ നിർമ്മാണം, ബാഗ് നിർമ്മാണം, ചന്ദനത്തിരി, നിർമ്മാണം, | വാർഷികം | WE Teacher | Rs.2000/- PTA |
| ഇ. ബുക്ക് റീഡിംഗ് experience | E - Book reading | computer (8 ബുക്ക് വായിക്കാൻ പരിശീലനം നൽകൽ | വാർഷികം | Resource Person | |

| മേഖല | അക്കാദമികം | ഉപമേഖ<br>ല | മലയാള ഭാഷ |
|---|---|---|---|

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | ചുമതല | സാമ്പ ത്തീക വിശക ലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാന മു ള്ള ശേഷി വിക സിപ്പിക്കൽ | പഠനനില കണ്ടെത്തൽ : പ്രീടെസ്റ്റ് നടത്തി വിശ കലനം ചെയ്തത് മികവു കളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ | മലയാള ഭാഷാധ്യാ പിക | |
| | പരിഹാരബോധനം നടത്തുന്നു | ജൂലൈ | മലയാള ഭാഷാധ്യാ പിക | |
| | അസംബ്ലിയിൽ കവിത, നാടൻ പാട്ട് എന്നിവയിലേതെങ്കിലും ഒന്ന് അവതരണം | ആഴ്ചയിൽ ഒരു ദിവസം | കുട്ടികൾ | |
| | ഡയറികുറിപ്പ് എഴുതൽ പ്രപാരായണം | പ്രതിദിനം | കുട്ടികൾ | |
| | ഓഡിയോ വീഡിയോ പ്രസന്റേഷൻ | ഒക്ടോബ ർ | മലയാള ഭാഷാധ്യാ പിക | |
| | പതിപ്പുകൾ, കൈയെഴുത്ത് തയ്യാറാക്കൽ രചനാശില്പശാലകൾ - നാടകം, കഥ, കവിത | ഒക്ടോബ ർ മാർച്ച് | മലയാള ഭാഷാധ്യാ പിക | 1000/- PTA |
| | പഠനയാത്രകൾ | ജനുവരി | ടീച്ചർ | |

മേഖല . അക്കാദമികം

ഉപമേഖല : **സംസ്കൃതം ഭാഷ**

| | | | | |
|---|---|---|---|---|
| | | | | |
| എല്ലാ കുട്ടികൾക്കും സംസ്കൃതഭാഷ പഠിക്കാൻ | പുനഃപരീക്ഷ നടത്തി മികവുകളും കുറവുകളും കണ്ടെത്തുന്നു | ഒക്ടോബർ | സംസ്കൃതം ടീച്ചർ | |
| | സംസ്കൃതം ഭാഷയിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ കുട്ടികൾ | |
| | വിവിധ കളികളിലൂടെ സംസ്കൃത പഠനം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ കുട്ടികൾ | |
| | പുസ്തക വായന | പ്രതിദിന ം | സംസ്കൃതം ടീച്ചർ കുട്ടികൾ | |
| | ഐ.സി.ടി. സാധ്യത ഉപയോഗിച്ചുള്ള പഠനം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ കുട്ടികൾ | **500/-** sponsers |
| | സംസ്കൃത ഗ്രന്ഥങ്ങളുടെ ശേഖരണം | നവംബർ | സംസ്കൃതം ടീച്ചർ കുട്ടികൾ | **1000/-** sponsers |
| | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അവതരണം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ കുട്ടികൾ | |
| | പതിപ്പ് തയ്യാറാക്കൽ | ഡിസംബർ ജനുവരി | സംസ്കൃതം ടീച്ചർ കുട്ടികൾ | **1000/-** PTA |

| മേഖല | അക്കാദമികം | ഉപമേഖല | **ഹിന്ദി** | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഗ്രഹിക്കുന്നതിനും സംസാരിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും | ഓരോ കുട്ടിയുടെയും മികവുകളും കുറവുകളും കണ്ടെത്താൻ പുന: പരീക്ഷ നടത്തുന്നു. | ഒക്ടോബർ | ഹിന്ദിടീച്ചർ | |
| | വിവിധ കളികളിലൂടെ അക്ഷരങ്ങളേയും വാക്കുകളേയും പരിചയപ്പെടുത്തുന്നു. | എല്ലാ ബുധനാഴ്ച കളിലും | ഹിന്ദി ടീച്ചർ | |
| | ഐ.സി.ടി സാധ്യത ഉപ യോഗിച്ച് കഥകൾ, കവിത കൾ പരിചയപ്പെടുത്തൽ | ജൂലൈ മുതൽ | ഹിന്ദി ടീച്ചർ കുട്ടികൾ | |
| | ഹിന്ദി ഭാഷയിലുള്ള അസംബ്ലി | ആഗസ്റ്റ് മുതൽ | ഹിന്ദി ടീച്ചർ കുട്ടികൾ | |
| | ഹിന്ദി പുസ്തക പരിചയം. വായനാക്കുറിപ്പ് തയ്യാറാക്കൽ | ജനുവരി | ഹിന്ദി ടീച്ചർ കുട്ടികൾ | **500/-** sponsers |
| | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ | മാസത്തി ലൊരിക്കൽ | ഹിന്ദി ടീച്ചർ കുട്ടികൾ | |
| | പതിപ്പ് തയ്യാറാക്കൽ വായനാമത്സരം | ജനുവരി | ഹിന്ദി ടീച്ചർ കുട്ടികൾ | **1500/-** PTA |

| Area | Acadamic | | English Language | |
|---|---|---|---|---|
| Aim | Activities | Duration | Responsibility | Finance |
| All the students can read and write English effectively and fluently | Try to fund out the learning level of student | June | English teacher | |
| | For solving these limitation, collecting/preparing the required activities needed for improving English language [word game, spelling game] | October | English teacher | |
| | English Assembly | Once in a week | English teacher | |
| | Diary writing | Three days in a week | English teacher | |
| | English class Library learning materials, short story books, English Newspaper | October onwards | English teacher | |
| | Readers theatre in English skit, choreography etc. | November to March | English teacher | 1000/- PTA |
| | Magazines, wall magazine | October to March | English teacher | 1000/- PTA |
| | To encourage creative works of students like short story writing newspaper report making etc | February | English teacher | |

| മേഖല | അക്കാദമികം | ഉപമേഖല | അടിസ്ഥാനശസ്ത്രം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| ശാസ്ത്രപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും | ശാസ്ത്രപഠനത്തിന് സഹായകമായ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | ശാസ്ത്രാധ്യാപിക | |
| | പഠനോപകരണ നിർമ്മാണം | | ശാസ്ത്രാധ്യാപിക | 1000/- PTA |
| | ശാസ്ത്രക്വിസ് നടത്തുക | | ശാസ്ത്രാധ്യാപിക | |
| | പരീക്ഷണ നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക | | ശാസ്ത്രാധ്യാപിക | |
| | സസ്യങ്ങളുടെ വളർച്ചാ കുറിപ്പുകൾ എന്റെ മരം എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുക | | ശാസ്ത്രാധ്യാപിക | |
| | ആഗ്രോ-ബാഗുകൾ വാങ്ങി ജൈവ വൈവിധ്യ പാർക്ക് കൃഷി എന്നിവ , പ്രോത്സാഹിപ്പിക്കുക . അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലേക്ക് ഫീൽഡ് ട്രിപ്പ് കൊണ്ടുപോകുക | | | 2000/ OSA |

| മേഖല | അക്കാദമികം | ഉപമേഖല | **സാമൂഹ്യശാസ്ത്രം** | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
| സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും സാമൂഹ്യശാസ്ത്ര കോർണർ ഉറപ്പാക്കൽ | സാമൂഹ്യശാസ്ത്ര കോർണറിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ ക്വിസ് മത്സരം | ജൂൺ | സാമൂഹ്യശ ാസ്ത്ര അധ്യാപിക | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവവാങ്ങേണ്ടവ നിർമിക്കേണ്ടവ ക്ലാസ്സിൽ സൂക്ഷിക്കേണ്ട വ ലാബിൽ സൂക്ഷിക്കേണ്ട വ എന്നിങ്ങനെ തരംതിരിക്കുന്നു പുസ്തകങ്ങൾ മാപ്പുകൾ അറ്റ്ലസ് എന്നിങ്ങനെ വേർതിരിക്കുന്നു | | | |
| | സാമഗ്രികളുടെ നിർമ്മാണ ശില്പശാല വിവിധ മണ്ണിനുടെ ശേഖരണം | ഒക്ടോബർ | | **4000/-** sponsers, PTA |
| | ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ മാപ്പ് അറ്റ്ലസ് ഗ്ലോബ് ക്ലാസിൽ,ഫലപ്രദമായി ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കൽ | | | |
| | | | | |

| മേഖല | അക്കാദമികം | ഉപമേഖല | ഗണിതം | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും സങ്കലന വ്യവകലന ഗുണന ഹരണ ക്രിയാശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്താൻ പി ടെസ്റ്റ് നടത്തി മിക വുകളും പരിമിതികളും കത്തുന്നു. | ജൂൺ | ഗണിതാധ്യാപിക | |
| | പരിമിതികൾ പരിഹരിക്കുന്ന തിനു ആവശ്യമായ പ്രവർത്തനപാ ക്കേജ് തയ്യാറാക്കുന്നു | ജൂലൈ | ഗണിതാധ്യാപിക | |
| | അബാക്കസ് ഉപയോഗിച്ച് സങ്കലനം വ്യവകലനം | ജൂൺ | ഗണിതാധ്യാപിക | |
| | ഗണിത മൂല തയ്യാറാക്കൽത യ്യാറാക്കൽ,ഗണ ിത ക്വിസ് മത്സരം | ജൂൺ | ഗണിതാധ്യാപിക | |
| | ഗുണന പട്ടിക പഠനം | ജൂൺ | ഗണിതാധ്യാപിക | |
| | പതിപ്പുകൾ ഗണിതമേള | നവംബർ, മാർച്ച് | ഗണിതാധ്യാപിക | 1000/- PTA |

# കായിക വിദ്യാഭ്യാസം

I. കുട്ടികളെ Kiddies, Sub-junior, junior,senior എന്നീ വിഭാഗങ്ങളായി തിരിച്ചശേഷം ഫുട്ബോൾ, ക്രിക്കറ്റ് എന്നീ മേഖലകളിൽ ശീലനം നല്കുന്നു

II. Sound mind in a sound body-physical fitness ലൂടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇത് കൂടുതൽ സഹായിക്കുന്നു

III. അതത് പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്ന local tournament കൾക്കും കുട്ടികൾക്ക് പങ്കെടുത്ത് വിജയം നേടാൻ പ്രാപ്തരാകുന്നു രാവിലെയും വൈകീട്ടും ഇതിനായി കുട്ടികൾക്ക് കായികാധ്യാപകൻ പരിശീലനം നൽകുന്നു

IV. രാവിലെയും വൈകീട്ടും ഇതിനായി കുട്ടികൾക്ക് കായികാധ്യാപകൻ പരിശീലനംനൽകുന്നു അവർക്കാവശ്യമായ ഭക്ഷണം, ജേഴ്സി എന്നിവയ്ക്കുള്ള സ്പോൺസർമാരെ അതതു സീസണിൽ കണ്ടെത്തുന്നു.

# കലാ വിദ്യാഭ്യാസം

I, കുട്ടികൾക്ക് പാഠഭാഗങ്ങളിലെ കലാ പഠനത്തോടൊപ്പം താൽപ്പര്യമുള്ള കുട്ടികൾക്ക് ഡിജിറ്റൽ പെയിന്റിംഗ് ആനിമേഷൻ എന്നീ മേഖലകളിൽ ശീലനം നല്കുന്നു

II. അതത് പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്ന local Competitions ൽ കുട്ടികൾക്ക് പങ്കെടുത്ത് വിജയം നേടാൻ പ്രാപ്തരാകുന്നു രാവിലെയും വൈകീട്ടും ഇതിനായി കുട്ടികൾക്ക് കായികാധ്യാപകൻ പരിശീലനം നൽകുന്നു

# പരിഹരണത്തിനാവശ്യമായ പ്രവർത്തനങ്ങൾ

I. ഒരു ലഘുഭക്ഷണ സംവിധാനത്തിലൂടെ കുട്ടികളെ ഉന്മേഷവാൻമാരാക്കുകയും ചെറിയ കളികളിലൂടെ അവരുടെ ഉത്സാഹം വീണ്ടെടുക്കുകയും ചെയ്തതിനുശേഷം വീണ്ടും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

II. വൈകീട്ടു വരുന്ന ക്ലാസുകൾക്കായി നിൽക്കേണ്ടിവരുന്ന കുട്ടികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. അതിനായി പി.ടി.എയുമായി ആലോചിച്ച് റൂട്ട് തയ്യാറാക്കി കുട്ടിയെ വീട്ടിലേക്ക് എത്തിക്കുക

III. സ്കൂളിലെ അധ്യാപകർക്കു പുറമെ OSA, PTA ഇതിലുള്ള വിദഗ്ദരെ സംഘടിപ്പിച്ച് കുട്ടികൾക്ക് വേണ്ട പാഠ്യേതര പ്രവർത്തനങ്ങൾക്ക് മാർഗ നിർദേശം സ്വീകരിക്കാം.

IV. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് (ജൈവ കൃഷി, പ്ലാസ്റ്റിക് നിർമാർജനം, ശുചിത്വം) അതത് സമയങ്ങളിൽ കുട്ടികൾക്ക് ബോധവത്കരണ സെമിനാ റുകൾ നടത്തുക

## പദ്ധതികൾ

- ശില്പശാലകൾ, സംവാദം, അഭിമുഖം, സെമിനാർ, നാടകവേദി, പ്രസംഗവേദി വായനാക്കുറിപ്പുകൾ തയ്യാറാക്കൽ
- കയ്യെഴുത്തുമാസിക തയ്യാറാക്കൽ
- ക്വിസ് മത്സരങ്ങൾ
- റേഡിയോ സംവിധാനം
- മലയാളത്തിളക്കം, ശ്രദ്ധ, നവപ്രഭ കാര്യക്ഷമമാക്കൽ
- ഗണിതം മധുരം
- പഠനോപകരണ നിർമ്മാണം, ശേഖരണം
- ക്ലബ് പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- Lab, Library activities
- സ്കൂൾ തല മേളകൾ
- പഠനയാത്ര, ഫീൽഡ് ട്രിപ്പ്
- വിദഗ്ദ ക്ലാസുകൾ
- സ്കൂൾതല മേളകൾ

# പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന സംസ്കാരം വളർത്തിയെടുക്കൽ | സാഹിത്യകാരന്മാരെ സ്കൂളുകളിൽ എത്തിക്കൽ അഭിമുഖം,സംവാദം,ക്വിസ്,മത്സരം,പുസ്തകാസ്വാദനക്കുറിപ്പ്,മായനാമുറി, റീഡിങ്കോർണർ,ഗിഫ്റ്റ്ബുക്സ് സ്പോൺസേഴ്സിനെ കണ്ടെത്തി പുസ്തക ശേഖരണം | മൂന്നുമാസം | വിദ്യാരംഗം കോഡിനേറ്റർ | 5000/- OSA |
| പരിസ്ഥിതി ശുചിത്വബോധം ആരോഗ്യം വളർത്തിയെടുക്കൽ | Filler സ്ഥാപിക്കുക. യോഗദിനാചരണം folic Iron Tablets വിതരണം Plastic നിർമാർജ്ജനം വൃക്ഷത്തൈ വിതരണം Primary Health Centre doctors ന്റെ സന്ദർശനം Dry day ദിനാചരണം Traffic rules class by Police department Painting Poster നിർമ്മാണ മത്സരം ലഹരിവിരുദ്ധം,പരിസ്ഥിതി) വിദ്യാർത്ഥികൾക്ക കൗൺസിലിങ്ങ്നൽകൽ Bullettin ബോർഡുകൾ ക്ലാസ്സിൽ സ്ഥാപിക്കുക | നാലുമാസം | സയൻസ് അധ്യാപകർ ബയോളജി അധ്യാപിക | 25000/- sponsers |
| കാർഷിക സംസ്കാരം വളർത്തിയെടുക്കൽ പഠനയാത്രകൾ | ജൈവകൃഷി, വീടുകളിൽ കമ്പോസ്റ്റ് രീതി പരിചയപ്പെടുത്തൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ക്ലാസ്സെടുക്കൽ കൃഷിഭവൻ സന്ദർശനം ഓഡിയോ വീഡിയോ പ്രസന്റേഷൻ | ആറുമാസം | പരിസ്ഥിതി ക്ലബ്ബ് | 4000/- sponsers |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
|---|---|---|---|---|
| റേഡിയോ ആധുനിക സാങ്കേതിക വിദ്യയുമായി പരിചയപ്പെടുന്നു | റേഡിയോ സംവിധാനം | 3 മാസം | ഫിസിക്സ് അധ്യാപകൻ | Rs.1000/- |
| പരിഹാരബോധ നങ്ങ ളിലൂടെ വിജ്ഞാനം നേടുന്നു | ശ്രദ്ധ-നവപ്രഭ കാര്യക്ഷമമാക്ക ൽ | വാർഷികം | കോ-ഓഡിനേറ്റ ർ | Rs.1000/- PTA |
| കൃഷിസംബന്ധമ ◌ായ അറിവുകൾ നേടുന്നു | കാർഷിക ക്ലബ്ബ് കാർഷിക വിദഗ്ധരുമായി ഗൃഹസന്ദർശനം | വാർഷികം | Eco-club-Co-ordinator | Rs.1000/- PTA |
| അബാക്കസ് ക്ലാസ് ഗണിതക്രിയകൾ എളുപ്പമാക്കൽ | അബാക്കസ് ക്ലാസ്സുകൾ ഗണിത ക്രിയകൾ | 3 മാസം | ഗണിതശാസ്ത്ര അധ്യാപകർ | Rs.1500/- PTA |

| | | | | |
|---|---|---|---|---|
| പഠനം സുഗമമാക്കൽ | കൃഷി, കാർഷികരീതികൾ<br>കൃഷിസ്ഥലം സന്ദർശനം<br>Agricultural University<br>സന്ദർശനം | | സയൻസ് അധ്യാപകർ ബയോളജി അധ്യാപിക | 2000 |
| സാമൂഹ്യാവ ബോധ പരിപോഷിപ്പി ക്കുക | ആരോഗ്യപരമായും<br>സാമ്പത്തികമായും വിഷമിക്കുന്ന<br>വിദ്യാർത്ഥികളെ<br>കണ്ടെത്തൽ വൈദ്യ ശുശ്രൂഷാ സഹായം<br>നൽകൽ<br>നിർധന<br>വിദ്യാർത്ഥികൾക്ക്<br>യൂണിഫോം നൽകൽ. അതുപോലെ<br>നിർധന വിദ്യാർത്ഥികളെ<br>സഹായിക്കുക | 5 വർ ഷം | പ്രധാനാധ്യാ പിക<br>PTA മറ്റ് അധ്യാപകർ | Sponser s<br>PTA |
| | വിദ്യാർത്ഥികൾക്ക് | | | |

| | | | | |
|---|---|---|---|---|
| | കായിക പരിശീലനം<br>നൽകൽ | | | |
| | സെൻ്റ് തോമസ് അ<br>റ്റിക് അക്കാദമിയുടെ നേ<br>തൃത്വത്തിൽ വിവിധ കാ<br>യികയിനങ്ങളിൽ<br>പ്രഗത്ഭരായ<br>അധ്യാപകരുടെ കീഴിൽ<br>പരിശീലനം | 1 വർ<br>ഷം | കായിക<br>അധ്യാപകൻ | **10000/<br>-**<br>Sponser<br>s<br>USA |
| ക്ലബ്ബ്<br>പ്രവർത്തനങ്ങ<br>ൾ – സജീവ<br>മാക്കുക | വിദ്യാരംഗംകലാസാഹിത്യവേദി,സാമൂഹ്യ<br>ശാസ്ത്രക്ലബ്ബ്,ഗണിതശാസ്ത്രക്ലബ്ബ്<br>ലിറ്ററിക്ലബ്ബ്സയൻസ്ക്ലബ്ബ് എന്നിവയുടെ<br>പ്രവർത്തനങ്ങൾ വിപുലമാക്കുക<br>NCC, Scout, Red cross<br>തുടങ്ങിയവയുടെ<br>നേതൃത്വം | 1 വർ<br>ഷം | ചുമതലയു<br>ള്ള<br>അധ്യാപകർ | **5000/-**<br>PTA |

# പ്രവർത്തന പദ്ധതികൾ

I. ചിത്രമതിലും പഠനസാധ്യതകളും

II. ലൈബ്രറി വികസനവും ഉപയോഗവും

III. ആർട്ട് ഗാലറി (വിദ്യാർത്ഥികൾക്ക് ചിത്രകലാ പഠനത്തിനായി സ്റ്റുഡിയോ സംവിധാനം

ചിത്രകല അഭ്യസിക്കുന്നതിനും കലാപഠനത്തിനുമായി ആധുനിക സജ്ജീകരണ ങ്ങളോടുകൂടിയ ഗാലറി ഉൾപ്പെടെയുള്ള ആർട്ട് സ്റ്റുഡിയോ

IV. ഡോക്യുമെന്ററി : വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ ജ്ഞാനം ഉപയോഗിച്ച് ഹ്രസ്വചിത്ര നിർമ്മാണം

V. ജീവാമൃതം : ആയുർവ്വേദ അറിവുകൾ വിദ്യാർത്ഥികൾ ശേഖരിക്കുക, ആയുർവ്വേദ ഡോക്ടർമാർ അവ പരിശോധിച്ച് ക്രോഡീകരിച്ച് തയ്യാറാക്കിയ കൈപ്പുസ്തകം

VI. കോർണർ പി.ടി.എ : ഒരു നിശ്ചിത സ്ഥലത്തെ വിദ്യാർത്ഥികളുടെ രക്ഷിതാക്കളെഒരുമിച്ചിരുത്തി കോർണർ പി.ടി.എ

# ST.THOMAS COLLEGE H.S.S.THRISSUR

## Calender : June-March 2025 - 2026

### JUNE

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **02/06/2025** | പ്രവേശനോത്സവം<br>P.T.A Meeting,S.R.GMeeting | Staff Secretory,S.R.ConvenorTeachers,P.T.A,M.P.T.A |
| **5/06/2025**<br>ലോകപരിസ്ഥിതി ദിനം | വൃക്ഷത്തൈ നടീൽ,വൃക്ഷ തൈ വിതരണം, Eco Club Meeting ബോധവൽക്കരണ ക്ലാസ്, ചിത്രരചന മത്സരം | Science Club<br>Eco Club |
| **10/06/2025** | Inaguration of Clubs | ക്ലബ് കൺവീനർ |
| **19/06/2025** | വായനദിനം - Literary Competition begin,വായനദിനാചരണം, പുസ്തകവായനമത്സരം,ആസ്വാദനകുറിപ്പ് തയ്യാറാക്കൽ ,ഭാഷാക്ലബ് ഉദ്ഘാടനം,<br>ക്വിസ് മത്സരം | വിദ്യാരംഗം കൺവീനർ |
| **26/06/2025** | Placard നിർമ്മിക്കൽ,ലഹരിവിരുദ്ധറാലി , ബോധവൽക്കരണ ക്ലാസ് | കൺവീനർ |
| | **10/06/2025** | Mondays & Tuesdays |
| | **18/06/2025** | |
| | S.R.G Meeting | Club Meeting |
| | **21/06/2025** | |
| | **27/06/2025** | |

# JULY

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| 03/07/2025<br>St.thomas day | | |
| 11/07/2025<br>ലോകജനസംഖ്യ ദിനം | സ്വന്തം ഗ്രാമത്തെ അറിയൽ, പ്രകൃതി വിഭവങ്ങളുടെ പട്ടിക<br>തയ്യാറാക്കൽ ഇവയുടെ ഇന്ന<br>ത്തെ ഉല്പാദന രീതികൾ-അവസ്ഥകൾ | Social Science Club |
| 21/07/2025<br>ചാന്ദ്രദിനം<br>24/07/2025 | ചാന്ദ്രദിനം<br>Science Quiz | Science Club |
| 16/07/2025<br>കർക്കിടകവാവ് | ഋതു<br>വ്യത്യാസങ്ങൾക്കനുസര<br>ണമായി നിങ്ങളുടെ നാട്ടിൽ<br>നടപ്പുണ്ടായിരുന്ന<br>ഭക്ഷണക്രമ<br>ങ്ങളെകുറിച്ച്<br>അന്വേഷിക്കുക | Class teacher |
| 22/07/2025 | Club Meeting | |
| 26/07/2025 | S.R.G.Meeting | |
| | | Mondays & Thursdays<br>Club Meetings |

# AUGUST

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **6/08/2025**<br>ഹിരോഷിമദിനം | പോസ്റ്റർ നിർമ്മാണം, സമാധാന<br>റാലി കൊളാഷ് നിർമ്മാണം<br>സുഡോക്കു കൊണ്ടു നിർമ്മാ<br>ണം | Social Science Club |
| **15/08/2025**<br>സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ, സ്വാതന്ത്ര്യദി<br>ന സന്ദേശം, പതാക നിർമ്മിക്ക<br>ൽ<br>മത്സരം, പ്രസംഗ മത്സരം,<br>ചിത്രരചന, ദേശഭക്തിഗാന മത്സരം | Social Science Club<br>Gandhidarsan Club |
| | **02/08/2025**<br>**19/08/2025**<br>S.R.G. Meetings<br>**16/08/2025**<br>**23/08/2025** | |
| | | Mondays & Thursdays<br>Club Meetings |

## SEPTEMBER

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **05/09/2025**<br>അദ്ധ്യാപകദിനം | ഗുരുവിനെ ആദരികൾ<br>വിദ്യാർത്ഥികളുടെ മാന്<br>കലാപരിപാടികൾ | Class Teachers |
| **08/09/2025**<br>ലോകസാക്ഷരതാ<br>ദിനം | വായനാ മത്സരം<br>കൈയ്യെഴുത്ത് മത്സരം | Language Teachers |
| **11/09/2025** | മികച്ച കൈയ്യക്ഷരത്തിന്<br>സമ്മാനം നൽകി | |
| **16/09/2025**<br>അന്താരാഷ്ട്ര<br>ഓസോൺ ദിനം | ഓസോൺ<br>ശോഷണമുണ്ടാക്കുന്ന<br>സാഹചര്യങ്ങൾ | Science Club |
| **18/09/2025** | ചർച്ച | |
| **26/09/2025**<br>വിനോദസഞ്ചാരദിനം | യാത്രാവിവരണം<br>തയ്യാറാക്കൽ<br>ഉപന്യാസം (എന്റെ യാത്ര<br>പ്രകൃതിയെ തൊട്ടറിഞ്ഞ് | Malayalam Club |
| **28/09/2024** | കവിതയെഴുത്ത് മത്സരം | |
| **29/09/2024**<br>ബാലാമണിയമ്മ<br>ചരമദിനം | കവിതപാരായണം<br>**30/09/2024** | Malayalam Club<br>വിദ്യാരംഭം |
| **06/09/2024**<br>**11/09/2024**<br>**28/09/2024** | S.R.G.Meeting | |
| | | Mondays & Tuesdays<br>Club Meetings |

## OCTOBER

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **01/10/2025** | Card നിർമ്മാണം<br>എല്ലാ കുട്ടികളും അവരുടെ Grant<br>Parents ന കാർഡ് ഉണ്ടാക്കുന്നു | Class teacher |
| **02/10/2025**<br>ഗാന്ധിജയന്തി | ഗാന്ധിജിയെ അറിയുക ഗാന്ധി ജിയുടെ ആത്മകഥയിൽ അവരെ<br>സ്പർശിച്ചഭാഗം ക്ലാസിൽ അവത രിപ്പിക്കുക. വിദ്യാ ലയം ശുചിത്വം<br>ഭംഗിയാക്കൽ, Zerovaste in class room | Gandhidershan Club |
| **09/10/2025**<br>ലോകതപാൽ ദിനം | സുഹൃത്തിന് കത്തെഴുതുക | Class teacher |
| **25/10/2025**<br>ഐക്യരാഷ്ട്രദിനം | പ്രസംഗമത്സരം | Social Science Club |
| **31/10/2025**<br>ഇന്ദിരാഗാന്ധി ചരമദിനം<br>ദേശീയോദ്ഗ്രഥന ദിനം | പ്രസംഗമത്സരം **30/10/2024** | |
| **4/10/2025**<br>**14/10/2025**<br>**18/10/2025**<br>**25/10/2025** | S.R.G.Meetings | |
| | | Mondays & Tuesdays Club Meetings |

## NOVEMBER

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **01/11/2025**<br>കേരളപിറവിദിനം | കേരളചരിത്രം ക്വിസ് മത്സരം<br>കേരളത്തിലെ, കല, സംസ്കാരം എന്നിവയെകുറിച്ചുള്ള പഠനം<br>കേരളം-വിനോദസഞ്ചാര കേന്ദ്രങ്ങൾ കേരളത്തിന്റെ മാപ്പ്വരച്ച് ജില്ലകൾ അടയാളപ്പെടുത്തൽ)<br>ചിത്രരചന - എന്റെ കേരളം | |
| **07/11/2025**<br>സ്കൗട്ട് / ഗൈഡ് സ്ഥാപകദിനം<br>**13/11/2025**<br>**14/11/2025**<br>ശിശുദിനം | ദേശീയപക്ഷി നിരീക്ഷണദിനം<br>ശിശുദിന റാലി<br>പ്രസംഗമത്സരം | Science & Eco Club<br>U.P.Teachers |
| **19/11/2025**<br>മാതൃദിനം | Mothers card നിർമ്മാണം<br>നല്ല കാർഡിനു സമ്മാനം നൽകൽ<br>അമ്മയെ കുറിച്ച് കുട്ടികൾക്ക് പറയാനുള്ളത്<br>(കവിത, കുറിപ്പ് )എഴുതിക്കുന്നു | Class teachers |
| | **01/11/2025**<br>S.R.G.Meetings<br>**08/11/2025**<br>**15/11/2025**<br>**22/11/2025**<br>**29/11/2025** | |
| | | Mondays & Tuesdays<br>Club Meetings |

## DECEMBER

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **01/12/2025** | ലോകഎയ്ഡ്സ് ദിനം | |
| **03/11/2025** | ലോക വികലാംഗദിനം, ഭോപ്പാൽ ദിനം | |
| **10/11/2025** | മനുഷ്യാവകാശദിനം | Class Teachers |
| **25/11/2025** | ക്രിസ്തുമസ് ആഘോഷം | |
| **06/12/2025**<br>**13/12/2025**<br>**20/12/2025** | S.R.G.Meetings | |

**JANUARY**

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| **01/01/2026**<br>നവവത്സരദിനം | New Year Cards exchange<br>പുതുവത്സരദിന സന്ദേശം | |
| **12/01/2026**<br>ദേശീയ യുവജനദിനം | സ്വാമി വിവേകാനന്ദൻ ജന്മദിനം | |
| **26/01/2026**<br>റിപ്പബ്ലിക് ദിനം | പതാക ഉയർത്തൽ, റാലിസന്ദേശം നൽകൽ റിപ്പബ്ലിക് ദിനം | Science Club |
| **30/01/2026**<br>ഗാന്ധിജിയുടെ രക്തസാക്ഷിത്വം | | |
| **03/01/2026**<br>**10/01/2026**<br>**17/01/2026**<br>**24/01/2026** | S.R.G.Meetings | |
| | | Mondays & Tuesdays Club Meetings |

## FEBRUARY

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| 02/02/2026 | ലോകതണ്ണീർത്തട ദിനം | Class teacher |
| 22/02/2026 | ലോകകൗട്ട് ദിനം (ബേഡൽ പൗവ്വൽ ജന്മദിനം) | |
| 28/02/2026 | ദേശീയ ശാസ്ത്ര ദിനം, വിവിധ ശാസ്ത്രശാഖയെകുറിച്ച് - ചർച്ച - പഠനം | Science teacher |
| | 07/02/2026<br>14/02/2026<br>21/02/2026<br>28/02/2026 | |

## MARCH

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| 08/03/2026 | ലോകവനിതാദിനം പ്രമുഖ വനിതകൾ നേട്ടങ്ങൾ കൈവരിച്ച മേഖലകൾ,വിവിധ മേഖലകളിൽ പ്രശസ്തരായ വനിതകളുടെ ചിത്രങ്ങൾ ശേഖരിക്കൽ അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തൽ | |
| 22/03/2026 | ജലം അമൂല്യമാണ് എന്നാശയം ഉൾക്കൊള്ളുന്ന ലോകജലദിനം പോസ്റ്റർ നിർമ്മാണം, ജലം സംരക്ഷണ മാർഗ്ഗങ്ങൾചർച്ച ജലം പാഴായി പോകുന്ന സന്ദർഭങ്ങൾ ലിസ്റ്റ് ചെയ്യൽശുദ്ധജല സ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും തടയാനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക | Science<br>&<br>Eco club |

## ബജറ്റ്

| | | | |
|---|---|---|---|
| 1 | അതത് ക്ലാസുകൾ അവതരിപ്പിക്കാൻ വേണ്ടപുസ്തകം, പേന, പെൻസിൽ, ചിത്രങ്ങൾ A4Sheet, marker എന്നിവ വാങ്ങാനുള്ള ചെലവ് | 1000/- | OSA |
| 2 | സെമിനാർ, ശില്പശാല എന്നിവയുമായി ബന്ധപ്പെട്ട resource persons നെ accommodate ചെയ്യാനുള്ള ചെലവ് | 2000/- | PTA |
| 3 | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ചെലവ് | 2000/- | PTA |
| 4 | ആഗസ്റ്റ് 15, ജനുവരി 26 വിശേഷദിവസങ്ങളിൽവരുന്ന ചെലവ് | 2000/- | PTA |
| 5 | ക്വിസ്, പ്രസംഗം, കവിത കുട്ടികൾക്ക് സമ്മാന ങ്ങൾ നല്കുന്നതിലേക്കുള്ള ചെലവ് | 2000/- | OSA |

## പിന്തുണ സംവിധാനം

Parents Teachers Association

Old students association

Old teacher association staff

## വിദ്യാലയ വികസന സമിതി അംഗങ്ങൾ

**റവ.ഫാദർ ജോയ് അടമ്പുകുളം** (അതിരൂപത കോർപ്പറേറ്റ് മാനേജർ)

**ശ്രീ ജോസഫ് ആൻറണി കെ** (പ്രിൻസിപ്പൽ ഹയർസെക്കൻഡറി സ്കൂൾ)

**ശ്രീമതി ജോഷി വി ഡി** (എച്ച് എം ഹൈസ്കൂൾ)

**ശ്രീമതി റെജി ജോയ്** (ഡിവിഷൻ കൗൺസിലർ)

**ശ്രീ ജോസഫ് വി ബി** (പി.ടി .എ പ്രസിഡൻറ്)

**ശ്രീ ഫ്രഡി ഡോൺ ഡേവിഡ്** (പി ടി എ വൈസ് പ്രസിഡൻറ്)

**അഡ്വ സുഷിത വി എസ്** (പി ടി എ പ്രസിഡൻറ്)

**ശ്രീ തോമസ് പി എം** (ഒ എസ് എ പ്രസിഡൻറ്)

**ശ്രീമതി റെജി പി ജോർജ്**

**ശ്രീമതി നീത വർഗ്ഗീസ്**

**ശ്രീമതി ജാൻസി**

**ശ്രീമതി ബോളി**

**ശ്രീ മതി റോസ്മോൾ വർഗീസ്**

**ശ്രീമതി സുമ സി**

**ശ്രീ സൈമൺ ടി എഫ്**

**ശ്രീ മെജിസൺ തോമസ് ലോറൻസ്**

**ശ്രീമതി സോണിയ എം ചാക്കോ**

**ശ്രീമതി ഷീജ ലാസർ**

**ശ്രീ വിനു പീറ്റർ**

**ശ്രീമതി പ്രഭ വി**